# കേരള സർവകലാശാല

നം. പി.ആർ.093/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പി.എച്ച്.ഡി പ്രവേശന പരീക്ഷ – 2018

സർവകലാശാല പി.എച്ച്.ഡി പ്രവേശന പരീക്ഷ മേയ് ആറ് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടക്കും. അപേക്ഷകർക്ക് ഹാൾടിക്കറ്റുകൾ അവരവരുടെ യൂസർ ഐഡിയും പാസ്‌വേർഡും ഉപയോഗിച്ച് (www.research.keralauniversity.ac.in)എന്ന വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ അപേക്ഷകർ കൂടുതൽ സഹായങ്ങൾക്കായി ഏപ്രിൽ 30–ന് മുൻപ് AcB1സെക്ഷനിൽ (ഇ –മെയിൽ academic.b1@gmail.com) ബന്ധപ്പെടേണ്ടതാണ്.

## എം.ബി.എ ടൈംടേബിൾ

വിദൂരവിദ്യാഭ്യാസ വിഭാഗം ജൂൺ നാല് മുതൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വൈവാവോസി പരീക്ഷ

ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ്, ബി.എസ്.ഡബ്ല്യൂ പരീക്ഷകളുടെ വൈവാവോസി മേയ് ആദ്യവാരം നടത്തും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി ഏപ്രിൽ 27 മുതൽ മേയ് അഞ്ച് വരെയുള്ള പ്രവർത്തി ദിനങ്ങളിൽ ബി.ടെക് റീ-വാല്യുവേഷൻ സെക്ഷനിൽ ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

2017–2018 അദ്ധ്യയന വർഷത്തെ സർക്കാർ എയ്ഡഡ് സ്വാശ്രയ കോളേജുകളിലെ പി.ജി റഗുലർ വിദ്യാർത്ഥികളുടെ കോളേജ് മാറ്റത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മേയ് 14. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ന്യൂസ് എന്ന ലിങ്കിൽ ലഭിക്കും.

## ത്രിദിന ശില്പശാല

കേരള സർവകലാശാല അറബിക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മെയ് ഏഴ്, എട്ട്, ഒൻപത് തീയതികളിൽ നടക്കുന്ന ത്രിദിന ശില്പശാലയിൽ പങ്കെടുക്കാം. കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന 'യൂഫോറിയ' യുമായി സഹകരിച്ചാണ് ശിൽപ്പശാല നടക്കുന്നത്. സീറ്റുകൾ പരിമിതം. താൽപ്പര്യമുള്ളവർ 9747318105 എന്ന നമ്പറിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ഫീസ് 2000/- രൂപ.

## ഓൺലൈൻ രജിസ്ട്രേഷൻ

മേയ് 21-ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എ/എം.എസ്‌സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ പരീക്ഷകൾക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 27-ന് തുടങ്ങും. പിഴകൂടാതെ മേയ് ഏഴ്, 50 രൂപ പിഴയോടെ മേയ് ഒൻപത്, 125 രൂപ പിഴയോടെ മേയ് 11 വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
26.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098